DESPATCHED On 05/03/2020

10/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ C.P. No.1071(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13329/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. വിജിത്ത് വിജു എൻ.പി.
അഡ്വക്കേറ്റ് & നോട്ടറി
തലശ്ശേരി, കണ്ണൂർ. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സബ രജിസ്ട്രാറാഫീസ്,
കൂത്തുപറമ്പ്, കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.05.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.08.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 11.08.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 10.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.വിജിത്ത് വിജു എൻ.പി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകിയില്ലായെന്നും ആയതിനുപകരം മേൽപ്പടി വിവരങ്ങൾ ഓഫീസിൽ നേരിട്ടെത്തി ശേഖരിക്കാനാണ് ആവശ്യപ്പെട്ടതെന്നും ടിയാന്റെ അപേക്ഷയിലെ 2-ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മേൽപ്പടി മറുപടി വിവരാവകാശ നിയമ പ്രകാരം ശരിയല്ലെന്നും ആയതിനാൽ മേൽപ്പടി ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) തലശ്ശേരി താലൂക്ക് കോട്ടയം അംശം കിണവക്കൽ ദേശത്ത് റീ.സർവ്വേ 21/4 (പഴയ റീ.സ.6/4)പെട്ട വസ്തുവിന്റെ ആകെ വിസ്തീർണ്ണം എത്രയാണെന്നും

ii) മേൽപ്പടി സർവ്വേ നമ്പരിലുള്ള വസ്തുക്കൾ ആരുടെയെല്ലാം കൈവശത്തിലും ഉടമസ്ഥതയിലും ആണെന്നും അവരുടെ പൂർണ്ണ മേൽ വിലാസവും പേരും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, കിണവക്കൽ ദേശം റീ.സർവ്വേ 21/4 പെട്ട സർവ്വെയുടെ ഒട്ടളവ് 20 സെന്റ്(8.09 ആർസ്) എന്നു കാണുന്നുവെന്നും, മേൽപ്പടി വിവരം സംബന്ധിച്ച് വ്യക്തത വരുത്തുവാനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറെ സമീപിക്കാവുന്നതാണെന്നും 2-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നത് മേൽപ്പടി ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്തുമെന്നും ആയതിനാൽ ആവശ്യമായ വിവരങ്ങൾ മേൽപ്പടി ഓഫീസിൽ നേരിൽ ഹാജരായി ശേഖരിക്കാവുന്നതാണെന്നുമാണ്.

RIGHT TO INFORMATION

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, 2-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി പൂർണ്ണമായ സൂചനകൾ നൽകിയിരുന്നില്ലായെന്നും 1991 ന് ശേഷമുള്ള വിവരങ്ങൾ മാത്രമാണ് കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളതെന്നും ആയതിനാലാണ് മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഹർജിക്കാരനോട് എതിർകക്ഷി ഓഫീസിൽ നേരിട്ടെത്തി പരിശോധന നടത്തി വിവരം ശേഖരിക്കാവുന്നതാണെന്ന് അറിയിച്ച തെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച് മറുപടി നൽകിയ സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ സാധിക്കുന്നതായിരുന്നു എന്നു കാണുന്നു. കിണവക്കൽ ദേശം റീ.സർവ്വേ 21/4 സർവ്വെയിൽ പ്പെട്ട 20 സെന്റ് വസ്തുവിന്റെ നിലവിലെ കൈവശാവകാശവും ഉടമസ്ഥാവകാശവും സംബന്ധിച്ച പൂർണ്ണ വിവരവും ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)